प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

**संचार विभाग,** केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
**DEPARTMENT OF COMMUNICATION**, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

ഒക്ടോബർ 29, 2018

**മഹാരാഷ്ട്ര മുംബൈയിലെ ദി നീഡ്സ് ഓഫ് ലൈഫ് സഹകരണ ബാങ്ക് ലിമിറ്റഡിനെതിരെ ആർ.ബി.ഐ. നിയന്ത്രണനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു**

റിസർവ് ബാങ്ക്ഓഫ് ഇന്ത്യ, അതിൻറെ 2018 ഒക്ടോബർ 26-ലെ ഡി.സി.ബി.എസ്. സി.ഒ.ബി.എസ്.ഡി.-1/ഡി-3/12.22.163.2018 ഉത്തരവിൻപ്രകാരം മഹാരാഷ്ട്ര മുംബൈയിലെ ദി നീഡ്സ് ഓഫ് ലൈഫ് സഹകരണ ബാങ്ക് ലിമിറ്റഡിനെ നിയന്ത്രണനിർദ്ദേശങ്ങൾക്ക് വിധേയമാക്കി. ഈ നിർദ്ദേശങ്ങളനുസരിച്ച്, നിക്ഷേപകർക്ക്, അവർക്കുള്ള സേവിംഗ്സ് ബാങ്ക്, കറൻറ് അക്കൗണ്ട് അല്ലെങ്കിൽ മറ്റേതെങ്കിലും പേരിലറിയപ്പെടുന്ന നിക്ഷേപങ്ങളിലുള്ള ആകെ നീക്കിയിരിപ്പിൽനിന്നും 1000 രൂപയിൽ (രൂപ ആയിരം മാത്രം) കവിയാതെ ആർ.ബി.ഐ.യുടെ നിർദ്ദേശങ്ങളിലെ വ്യവസ്ഥകൾ പ്രകാരം, പിൻവലിക്കാ നനുവദിക്കു ന്നതാണ്. റിസർവ് ബാങ്കിൻറെ മുൻകൂർ രേഖാമൂലമായ അംഗീകാരമില്ലാതെ, മുംബൈയിലെ ദി നീഡ്സ് ഓഫ് ലൈഫ് സഹകരണബാങ്ക് ലിമിറ്റഡിനു പുതിയ വായ്പകളനുവദിക്കാനോ ഉള്ളവ പുതുക്കി നൽകാനോ ഏതെങ്കിലും നിക്ഷേപങ്ങൾ നടത്താനോ, വായ്പകളിലൂടെ ബാദ്ധ്യതകൾ ഉണ്ടാക്കാനോ പുതിയ നിക്ഷേപങ്ങൾ സ്വീകരിക്കാനോ സാദ്ധ്യമല്ല. കൂടാതെ, ബാദ്ധ്യതകളോ അതുപോലെയുള്ള എന്തെങ്കിലും കാര്യങ്ങൾ തീർക്കാനോ, തീർക്കാമെന്ന് വാഗ്ദാനം ചെയ്യാനോ, ഏതെങ്കിലും ഒത്തുതീർപ്പുകളിലോ ക്രമീകരണങ്ങളിലോ, ഏർപ്പെടാനോ, ബാങ്കിൻറെ വസ്തുവകകളോ മറ്റു ആസ്തികളോ വിൽക്കാനോ, കൈമാറ്റം ചെയ്യാനോ 2018 ഒക്ടോബർ 26-ലെ ആർ.ബി.ഐ. നിർദ്ദേശങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള തൊഴികെ, പാടില്ല. ഈ നിർദ്ദേശങ്ങൾ 2018 ഒക്ടോബർ 29-ന് ബാങ്കിൻറെ ഇടപാടുകൾ അവസാനിച്ച് ആറുമാസക്കാലത്തേക്ക് സാധുതയുള്ളവയായിരിക്കും.

റിസർവ്ബാങ്ക് ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഈ നിയന്ത്രണനിർദ്ദേശങ്ങളെ ബാങ്കിൻറെ ലൈസൻസ് റദ്ദുചെയ്യുന്നതിനുതുല്യമായി കണക്കാക്കേണ്ടതില്ല. സാമ്പത്തികനില മെച്ചപ്പെടു ന്നതുവരെ, ബാങ്ക് നിയന്ത്രണങ്ങളോടെ ബാങ്കിംങ് ഇടപാടുകൾ കൈകാര്യം ചെയ്യാവുന്നതാണ്. സാഹചര്യങ്ങളനുസരിച്ച് റിസർവ്ബാങ്ക് ഈ നിർദ്ദേശങ്ങളിൽ ഭേദഗതികൾ പരിഗണി ച്ചേക്കാം.

1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് സെക്ഷൻ 35 A, സബ്സെക്ഷൻ (1), ഒപ്പം സെക്ഷൻ 56 എന്നിവ പ്രകാരം റിസർവ് ബാങ്കിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം പ്രയോഗിച്ചാണ് ഈ നിയന്ത്രണനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. താല്പര്യമുള്ള പൊതുജനങ്ങൾ വായിച്ചറിയു വാനായി, ഈ നിർദ്ദേശങ്ങ ളുടെ ഒരു കോപ്പി ബാങ്ക് മന്ദിരത്തിൽ പ്രദർശി പ്പിച്ചിട്ടുണ്ട്.

അനിരുദ്ധാ ഡി. ജാദവ്
അസിസ്റ്റൻറു മാനേജർ

പ്രസ്സ് റിലീസ് : **2018-2019/994**